ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.11.2024** **TIME :7.25 AM**

## പ്രധാന വാർത്തകൾ

1). രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഗോവ സന്ദർശിക്കും. നാവിക സേനയുടെ പരിപാടിയിൽ രാഷ്ട്രപതി പങ്കെടുക്കും.
President Droupadi Murmu will visit Goa today. The President will attend the various programs of Indian Navy.

2). ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ 10,700 കോടി രൂപയുടെ ഓഹരി നിക്ഷേപിക്കുന്നതിനുള്ള കേന്ദ്ര മന്ത്രി സഭാ തീരുമാനത്തെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.
Prime Minister Narendra Modi has hailed the cabinet decision on the infusion of equity of ten thousand seven hundred crore rupees in the Food Corporation of India

3). ഭീകരവിരുദ്ധ സമ്മേളനം-2024 കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ന്യൂ ഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.
Union Home Minister Amit Shah will address the Anti-Terror Conference-2024 in New Delhi today.

4). ഝാർഖണ്ഡ്, മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പുകൾക്കുള്ള പ്രചാരണം ഊർജിതം. കേരളത്തിലും ഉപതിരഞ്ഞെടുപ്പ് പ്രചാരണം ചൂടുപിടിക്കുന്നു.
Election campaigning intensifies in Jharkhand and Maharashtra. Electioneering in full swing in Kerala.

5). 55-ാം മത് ഗോവ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് ഈ മാസം 20-ന് തുടക്കമാകും.
The 55th International Film Festival of India will begin on 20th of this month in Goa.

6). എച്ച്പിപി ഓപ്പൺ ടെന്നീസിൽ ഇന്ത്യ- ഇസ്രയേൽ സഖ്യം ക്വാർട്ടർ ഫൈനലിൽ കടന്നു.

**In HPP Open Tennis, India's Divij Sharan and his Israeli partner Daniel Cukierman advanced to the Men's Doubles quarterfinals.**

*****************************************************************************************************

## PREZ-GOA

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഗോവ സന്ദർശിക്കും. നാവിക സേന യുടെ Day at Sea പരിപാടി ശ്രീമതി മുർമു വീക്ഷിക്കും.

INS വിക്രാന്തിൽ നിന്നുള്ള നാവിക സേനയുടെ പ്രകടനവും ഉണ്ടാകും.

*****************************************************************************************************

## FCI PM

ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ പതിനായിരത്തി എഴുനൂറ് കോടി രൂപയുടെ ഓഹരി നിക്ഷേപിക്കുന്നതിനുള്ള കേന്ദ്ര മന്ത്രിസഭാ തീരുമാനത്തെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇത്തരം ഓഹരി നിക്ഷേപങ്ങൾ ഭക്ഷ്യ സംഭരണവും വിതരണവും കാര്യക്ഷമമായി കൈകാര്യം ചെയ്യാനുള്ള എഫ്സിഐയുടെ ശേഷി വർദ്ധിപ്പിക്കുമെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. ഇത് കർഷകർക്ക് മികച്ച പിന്തുണ ഉറപ്പാക്കുമെന്നും ദേശീയ ഭക്ഷ്യസുരക്ഷയ്ക്ക് സംഭാവന നൽകുമെന്നും അദ്ദേഹം പറഞ്ഞു. യുവാക്കൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിനുള്ള പ്രധാനമന്ത്രി-വിദ്യാലക്ഷ്മി പദ്ധതിയുടെ മന്ത്രിസഭാ അംഗീകാരത്തെയും പ്രധാനമന്ത്രി അഭിനന്ദിച്ചു.

*****************************************************************************************************

## CABINET-DECISION-VIDYALAXMI

ഭക്ഷ്യ സംസ്കരണത്തിൽ സുപ്രധാന പങ്ക് വഹിക്കുന്ന എഫ് സി ഐയെ ശാക്തീകരിക്കാൻ ലക്ഷ്യമിട്ടാണ് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ പ്രവർത്തന മൂലധനമായി പതിനായിരത്തി എഴുനൂറ് കോടി രൂപയുടെ ഓഹരി

നിക്ഷേപത്തിന് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകിയത്. പഠന മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തിക പിന്തുണ നൽകുന്നതിനുള്ള പി എം വിദ്യാലക്ഷ്മി പദ്ധതിയിലൂടെ ഉന്നത വിദ്യാഭ്യാസത്തിനായി ഈട് രഹിത വായ്പ ലഭിക്കും. രാജ്യത്തെ യുവജനങ്ങൾക്ക് ഉന്നത വിദ്യാഭ്യാസം നേടുന്നതിന് സാമ്പത്തിക പരിമിതിയുണ്ടാകരുതെന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാകുന്നതെന്ന് കേന്ദ്ര വാർത്താ വിതരണ - പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിക്കവെ ഇന്നലെ പറഞ്ഞു. വിദ്യാലക്ഷ്മി പദ്ധതി പ്രകാരം 7.5 ലക്ഷം വരെയുള്ള വായ്പ തുകയ്ക്ക് സർക്കാർ 75 ശതമാനം ഗ്യാരണ്ടി നൽകും. എട്ട് ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള വിദ്യാർത്ഥികൾക്ക് മൊറട്ടോറിയം കാലയളവിൽ 10 ലക്ഷം രൂപ വരെയുള്ള വായ്പയ്ക്ക് മൂന്ന് ശതമാനം പലിശ ഇളവ് നൽകും. ഏഴ് ലക്ഷം വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.

**************************************************************************************************************

## AMIT SHAH CONFERENCE

ഭീകരവിരുദ്ധ സമ്മേളനം-2024 കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ന്യൂ ഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ദേശീയ അന്വേഷണ ഏജൻസി ആണ് രണ്ട് ദിവസത്തെ സമ്മേളനം സംഘടിപ്പിക്കുന്നത്. ഭീകരവാദ ഭീഷണിയ്ക്കെതിരെ യോജിച്ച പ്രവർത്തനങ്ങൾക്കായി മാർഗ്ഗങ്ങൾ വികസിപ്പിക്കുന്നതിലും ഭാവി നയ രൂപീകരണത്തിന് കാര്യമായ നിർദ്ദേശങ്ങൾ അവതരിപ്പിക്കുക എന്നതാണ് സമ്മേളനത്തിൻറെ ലക്ഷ്യം. സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നുള്ള മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ, കേന്ദ്ര ഏജൻസികൾ, ഉദ്യോഗസ്ഥർ, മേഖലകളിലെ വിദഗ്ധർ തുടങ്ങിയവർ സമ്മേളനത്തിൽ സംബന്ധിക്കും.

**************************************************************************************************************

## JITENDRA SINGH – (INTRO)

പെൻഷൻകാരുടെ ഡിജിറ്റൽ ശാക്തീകരണമെന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കാഴ്ചപ്പാടാണ് ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് എന്ന് കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ്. ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് കാമ്പെയ്ൻ 3.0ക്ക് ന്യൂഡൽഹിയിൽ തുടക്കം കുറിയ്ക്കുകയായിരുന്നു അദ്ദേഹം.

**(വോയിസ്..............)**

ഈ വർഷം 800 നഗരങ്ങളിൽ 1,100 നോഡൽ ഓഫീസർമാരെ ഉൾപ്പെടുത്തി 1,900 ഡി.എൽ.സി ക്യാമ്പുകൾ നടക്കുമെന്നും ശ്രീ ജിതേന്ദ്ര സിങ് പറഞ്ഞു. ഇന്ത്യാ പോസ്റ്റ് പേയ്മെന്റ് ബാങ്കിന്റെ 785 നഗരങ്ങളിലുള്ള ക്യാമ്പുകളിൽ 1.8 ലക്ഷം ഗ്രാമീണ ഡാക് സേവക് സേവനങ്ങൾ നൽകും. പെൻഷൻ ഓഫീസുകളിലൂടെയോ പോസ്റ്റ് ഓഫീസുകളിലൂടെയോ പെൻഷൻകാർക്ക് ഇപ്പോഴും ലൈഫ് സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാമെന്നും അദ്ദേഹം വ്യക്തമാക്കി.

************************************************************************************************************************************

## RAILWAYS SPECIAL TRAINS

കഴിഞ്ഞ 36 ദിവസങ്ങളിലായി സർവീസ് നടത്തുന്ന 4,521 സ്പെഷ്യൽ ട്രെയിൻ സേവനങ്ങൾ 65 ലക്ഷം യാത്രക്കാർക്ക് പ്രയോജനം ചെയ്യതായി ഇന്ത്യൻ റെയിൽവേ. ഛഠ് പൂജയോടനുബന്ധിച്ച് നാളെ മുതൽ തിങ്കളാഴ്ച വരെ 160 പ്രത്യേക ട്രെയിനുകളാണ് സർവീസ് നടത്തുന്നത്. ഉത്സവങ്ങളോടനുബന്ധിച്ചുള്ള തിരക്ക് നിയന്ത്രിക്കുന്നതിൻറെ ഭാഗമായാണ് പ്രത്യേക ട്രെയിൻ സർവീസ്. സമസ്തിപൂർ, ദാനാപൂർ എന്നിവിടങ്ങളിൽ പ്രാദേശിക ആവശ്യം മുൻനിർത്തി കൂടുതൽ ട്രെയിനുകളും അനുവദിച്ചിട്ടുണ്ട്.

************************************************************************************************************************************

## JHARKHAND - MAHARASHTRA

ഝാർഖണ്ഡിലും മഹാരാഷ്ട്രയിലും നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജിതം. എൻ ഡി എയുടെ തിരഞ്ഞെടുപ്പ് റാലിയിൽ കേന്ദ്രമന്ത്രിയും ബി ജെ പി നേതാവുമായ ശിവ് രാജ് സിങ്ങ് ചൗഹാൻ പങ്കെടുത്തു. ജഗന്നാഥ് പൂരിൽ നടന്ന തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ J.M.M മുതിർന്ന നേതാവും മുഖ്യമന്ത്രിയുമായ ഹേമന്ത് സോറൻ സംബന്ധിച്ചു. ഈ മാസം 13, 20 തീയതികളിൽ രണ്ട് ഘട്ടമായാണ് ഝാർഖണ്ഡിൽ വോട്ടെടുപ്പ്. പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ മുതൽ ഈ മാസം 14 വരെ മഹാരാഷ്ട്രയിൽ തിരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ പങ്കെടുക്കും. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി നാഗ്പൂരിലും മുംബൈയിലും തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യു. ഈ മാസം 20-ന് ഒറ്റ ഘട്ടമായാണ് മഹാരാഷ്ട്രയിൽ വോട്ടെടുപ്പ്.

************************************************************************************************

## ECI SEIZURES

മഹാരാഷ്ട്ര, ഝാർഖണ്ഡ് ഉൾപ്പെടെ തിരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനങ്ങളിൽ നിന്ന് 558 കോടി പിടിച്ചെടുത്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. പണം, മദ്യം, തിരഞ്ഞെടുപ്പ് സൗജന്യങ്ങൾ, വിലപിടിപ്പുള്ള വസ്തുക്കൾ ഉൾപ്പെടെയുള്ളവയാണ് പിടിച്ചെടുത്തത്. മഹാരാഷ്ട്രയിൽ നിന്ന് 280 കോടി രൂപയുടെയും ഝാർഖണ്ഡിൽ നിന്ന് 158 കോടി രൂപയും വിലമതിക്കുന്ന തിരഞ്ഞെടുപ്പ് സൗജന്യങ്ങളാണ് പിടിച്ചെടുത്തതെന്ന് കമ്മിഷൻ അറിയിച്ചു.

************************************************************************************************

## IFFI-GOA

55-ാം മത് ഗോവ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് ഈ മാസം 20-ന് തുടക്കമാകും. ഒൻപത് ദിവസത്തെ ചലച്ചിത്ര മേളയിൽ നവംബർ 24 വരെ നീളുന്ന ഫിലിം ബസാറിന്റെ 18-ാംം പതിപ്പും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇത്തവണ ഫിലിം ബസാർ Viewing Room- ൽ 208 സിനിമകൾ പ്രദർശിപ്പിക്കുമെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം അറിയിച്ചു. ഈ മാസം 21 മുതൽ 24 വരെ Viewing room സംവിധാനം ഉപയോഗപ്പെടുത്താവുന്നതാണ്.

**************************************************************************************************************

## KERALA ELECTION

കേരളത്തിലും ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി തുടരുന്നു. വയനാട്ടിൽ പ്രിയങ്ക ഗാന്ധിയുടെ പ്രചാരണത്തിനായി ഇന്ന് കോൺഗ്രസ് അധ്യക്ഷൻ മലികാർജൻ ഖാർഗെ മണ്ഡലത്തിലെത്തും. എൽഡിഎഫ് സ്ഥാനാർത്ഥി സത്യൻ മൊകേരിയുടെ പ്രചാരണം ഇന്ന് തിരുവമ്പാടി മണ്ഡലത്തിലാണ്. എൻഡിഎ സ്ഥാനാർത്ഥി നവ്യ ഹരിദാസിന്റെ പ്രചാരണത്തിനായി കേന്ദ്രമന്ത്രി സുരേഷ് ഗോപിയും മുൻ കേന്ദ്ര മന്ത്രി വി മുരളീധരനും മണ്ഡലത്തിൽ എത്തും. പാലക്കാട് നിയമസഭ മണ്ഡലം ഉപതെരഞ്ഞെടുപ്പ് യുഡിഎഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിലിന്റെ ഇന്നത്തെ പ്രചാരണ പരിപാടികളിൽ കെ.പി.സി.സി പ്രസിഡന്റ് കെ.സുധാകരൻ, പ്രതിപക്ഷ നേതാവ് വി.ഡി ,സതീശൻ തുടങ്ങിയവർ പങ്കെടുക്കും. എൽ.ഡി.എഫ് സ്ഥാനാർഥി പി.സരിന്റെ ഇന്നത്തെ പ്രചാരണം നഗരസഭയിലെ കുന്നത്തൂർ മേട്, മണപ്പുള്ളിക്കാവ് എന്നിവടങ്ങളിൽ നിന്ന് ആരംഭിച്ച് പിരായിരി പഞ്ചായത്തിൽ അവസാനിക്കും. എൻഡിഎ സ്ഥാനാർഥി സി. കൃഷ്ണകുമാർ കണ്ണാടി മാത്തൂർ പഞ്ചായത്തുകളിൽ ഗൃഹ സമ്പർക്ക പരിപാടികളിൽ പങ്കെടുത്ത് വോട്ട് തേടും.

**************************************************************************************************************

**THRISSUR - (INTRO)**

ചേലക്കര മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് അടുക്കുന്ന വേളയിൽ മുതിർന്ന നേതാക്കൾ പ്രചാരണ രംഗത്ത് സജീവാണ്. സ്ഥാനാർത്ഥികൾക്കൊപ്പം ജനങ്ങളെ നേരിട്ടുകണ്ട് വോട്ടുകൾ തേടുന്ന തിരക്കിലാണ് നേതാക്കൾ.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്.....**

**(VOICE..........)**

****************************************************************************************************************

**TENNIS- HPP OPEN**

എച്ച്പിപി ഓപ്പൺ ടെന്നീസിൽ ഇന്ത്യയുടെ ദിവിജ് ശരൺ- ഇസ്രായേൽ താരം ഡാനിയൽ ക്യുക്-ർമെൻ സഖ്യം പുരുഷന്മാരുടെ ഡബിൾസ് ക്വാർട്ടർ ഫൈനലിൽ കടന്നു. പ്രീ-ക്വാർട്ടറിൽ ഡെൻമാർക്ക് താരങ്ങളെ പരാജയപ്പെടുത്തിയാണ് ക്വാർട്ടർ പ്രവേശനം. ഇന്ന് രാത്രിയാണ് ഫൈനൽ മത്സരം.

****************************************************************************************************************

**KOREA OPEN BADMNTON**

ഇന്ന് രാവിലെ നടക്കുന്ന കൊറിയ മാസ്റ്റേഴ്സ് ടൂർണമെന്റിന്റെ പുരുഷ സിംഗിൾസ് പ്രീ ക്വാർട്ടറിൽ ഇന്ത്യൻ താരം കിരൺ ജോർജ് തായ്‌വാൻ താരത്തെ നേരിടും. ഇന്ത്യൻ സമയം രാവിലെ 10.30നാണ് മത്സരം ആരംഭിക്കുക.

****************************************************************************************************************

**PEMMASANI-SPACE**

ബഹിരാകാശ മേഖലയിലെ ചുവടുവയ്പ്പുകൾ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതായി കേന്ദ്ര കമ്മ്യൂണിക്കേഷൻസ് സഹമന്ത്രി ചന്ദ്രശേഖർ പെമ്മസാനി. മൂന്നാമത് ഇന്ത്യൻ സ്പേസ് കോൺക്ലേവിനെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വാർത്താവിതരണ ഉപഗ്രഹങ്ങൾ

ഓരോ വീടുകളിലും ഗ്രാമങ്ങളിലും രാജ്യത്തിൻറെ ഓരോ കോണിലും ഡിജിറ്റൽ ഇന്ത്യയെ ശാക്തീകരിക്കുന്നതായും അദ്ദേഹം പറഞ്ഞു. ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സുസ്ഥിര വികസനം യാഥാർത്ഥ്യമാക്കുന്നതിനും കമ്മ്യൂണിക്കേഷൻ സാറ്റലൈറ്റുകൾ അത്യന്താപേക്ഷിതമാണെന്നും കേന്ദ്രസഹമന്ത്രി അഭിപ്രായപ്പെട്ടു.

## MANDAVIYA-MEETING

രാജ്യത്തെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട സേവനവും സംരക്ഷണവും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ശ്രം സുവിധ, സമാധാൻ പോർട്ടലുകളുടെ നവീകരണം സംബന്ധിച്ച അവലോകന യോഗം കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യയുടെ അധ്യക്ഷതയിൽ ഇന്നലെ ന്യൂ ഡൽഹിയിൽ ചേർന്നു. പോർട്ടലുകളുടെ നവീകരണത്തിലൂടെ കാര്യക്ഷമതയിൽ ഊന്നൽ നൽകാനാകുമെന്ന് യോഗത്തെ അഭിസംബോധന ചെയ്ത് മന്ത്രി പറഞ്ഞു. സാങ്കേതികവിദ്യയും സവിശേഷതകളും നവീകരിക്കുന്നതിലൂടെ രാജ്യത്തുടനീളമുള്ള സ്ഥാപനങ്ങൾക്ക് കൂടുതൽ തൊഴിലാളി അനുകൂല നയങ്ങൾ പാലിക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു.